# മാധവ വിലാസം ഹയർ സെക്കന്ററി സ്കൂൾ

തുണ്ടത്തിൽ, കാര്യവട്ടം, ഫോൺ : 0471 2713335










# ലക്ഷ്യം 2024-29

## സമഗ്രവിദ്യാഭ്യാസ വികസനരൂപരേഖ

## 2024 -29

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2024 – 29

## ആമുഖം

തിരുവനന്തപുരം കോർപ്പറേഷനിൽ സ്ഥിതിചെയ്യുന്ന മാധവവിലാസം ഹയർസെക്കന്ററി സ്കൂളിൽ, കാര്യവട്ടം, തുണ്ടത്തിൽ, പോത്തൻകോട്, കണിയാപുരം, കഴക്കൂട്ടം, ശ്രീകാര്യം തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികൾ പഠിക്കുന്നു. പരിസ്ഥിതി പ്രദേശത്തെ സർക്കാർ എൽ.പി.എസ് ചേങ്കോട്ടുകോണം, സർക്കാർ യു.പി.എസ് കാര്യവട്ടം, സർക്കാർ യു.പി.എസ്. കാട്ടായിക്കോണം, സർക്കാർ യു.പി.എസ്. ചന്തവിള, എൽ.വി.എച്ച്.എസ് പോത്തൻകോട് തുടങ്ങിയ സ്കൂളുകളിൽ നിന്ന് കുട്ടികൾ ഉപരിപഠനത്തിനെത്തുന്നു.

ദിവ്യംഗതനായ ശ്രീ വർത്തൂർ മാധവൻപിള്ള അവർകൾ കൃസ്തുവർഷം 1950 ൽ ഈ പ്രദേശത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് 8–ാം ക്ലാസ്സ് വരെയുള്ള സ്കൂൾ സ്ഥാപിച്ചു. തുടർന്ന് അത് 10–ാം ക്ലാസ്സ് വരെയായി മാറി. 1998 ൽ ഹയർസെക്കന്ററി സ്കൂൾ എന്ന പേരിൽ പ്രശസ്തമായി തുടങ്ങി. 2001 മുതൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ ആരംഭിച്ചു.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഒട്ടേറെ കുട്ടികൾ പഠിക്കുന്ന സ്കൂളാണ് നമ്മുടേത്. ഈ കുട്ടികളിൽ മിടുക്കരും, ശരാശരിക്കാരും പ്രത്യേകം പരിഗണന ആവശ്യമുള്ളവരും ഉണ്ട്. ഇവരെയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ ആണ് ഇവിടെ സമർപ്പിക്കുന്നത്.

തികച്ചും വിദ്യാർത്ഥി സൗഹൃദവും, പരിസ്ഥിതി സൗഹൃദവും, അക്കാദമിക സൗഹൃദവുമായ അന്തരീക്ഷമാണ് സ്കൂളിലുള്ളത്. സ്കൂളിന് പൂർണ്ണതോതിൽ വൈദ്യുതി പകരുന്നത് സോളാർപാനലുകളാണ് എന്ന അഭിമാനാർഹവും മാതൃകാപരവുമായ നേട്ടം ഈ വർഷം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പി.എസ്.എൽ.വി റോക്കറ്റിന്റെ വലിയ ഒരു മാതൃക സ്കൂളിൽ സ്ഥാപിച്ചത് ഈ വർഷമാണ്.

നിലവിലുള്ള മാസ്റ്റർപ്ലാനിലെ ഒട്ടുമിക്ക കാര്യങ്ങളും നടപ്പിലാക്കുന്നതിന് സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായിത്തന്നെ പത്താം ക്ലാസ്സിൽ നൂറുശതമാനം റിസൾട്ട് എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ തന്നെ ഭിന്നശേഷി കുട്ടികളുടെ അക്കാദമിക കാര്യങ്ങളിൽ മികവ് കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. റിസോഴ്സ് അധ്യാപികമാരുടെ അഭിനന്ദനാർഹമായ സേവനം ഇത്തരുണത്തിൽ ഓർക്കുന്നു. ലോക്ഡൗൺ കാലത്തെ ഓൺലൈൻ ക്ലാസ്സുകൾ രക്ഷകർത്താക്കളുടെ പ്രത്യേക അഭിനന്ദനത്തിന് അർഹമാകുകയും ചെയ്തിരുന്നു.

കമ്പ്യൂട്ടർ, സയൻസ്, ഗണിതലാബുകളുടെ പ്രവർത്തനം നടക്കുന്നു. എങ്കിലും കോവിഡ് കാലത്തു മന്ദഗതിയിലായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. വരുന്ന അഞ്ചുവർഷത്തേക്കുള്ള സ്കൂളിന്റെ അക്കാദമിക പുരോഗതി മുന്നിൽക്കണ്ടുകൊണ്ടുള്ള അക്കാദമിക മാസ്റ്റർപ്ലാൻ ആണ് ഇവിടെ സമർപ്പിക്കുന്നത്.

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | എം.വി.എച്ച്.എസ്സ്. എസ്സ്. |
| വിലാസം | തുണ്ടത്തിൽ, തുണ്ടത്തിൽ P.O,<br>തിരുവനന്തപരും. (Ph. 0471 2713335) |
| സ്കൂൾ കോഡ് | 43019 |
| വിദ്യാഭ്യാസ ഉപജില്ല | കണിയാപരം |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| ബി.ആർ.സി. | കണിയാപുരം |
| സി.ആർ.സി. | കരിയം |
| കോർപ്പറേഷൻ | തിരുവനന്തപുരം |
| നിയമാസഭാ മണ്ഡലം | കഴക്കൂട്ടം |
| ലോകസഭാ മണ്ഡ്ലം | തിരുവനന്തപുരം |
| താലൂക്ക് | തിരുവനന്തപുരം |
| ഇ. മെയിൽ | hmthundathil@gmail.com. (H.S)<br>mvhss@yahoo.in (HSS) |

# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം - 2
# മാർഗ്ഗരേഖ
## അക്കാദമിക മാസ്റ്റർപ്ലാൻ - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകല്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു. എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവ്വചിച്ചിട്ടുണ്ട് എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നു ചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ അന്തർദേശീയതലങ്ങളിൽ നടന്ന വിവിധപഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യെ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

2022 ൽ ആരംഭിക്കുന്ന 14-ാം പഞ്ചവത്സരപദ്ധതികാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾതലത്തിൽ ചർച്ചചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.കെ., എം.പി., എം.എൽ.എ., പി.ടി.എ., മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

## ദർശനം

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതത് ക്ലസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- എല്ലാം കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, എന്നീ ഭാഷകൾ സംസാരിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.
- ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ കൂടുതൽ പരിജ്ഞാനം ഉറപ്പുവരുത്തും. (ശാസ്ത്ര ചിന്ത, ഗണിത താത്പര്യം)
- വ്യക്തിത്വ വികസനത്തിനാവശ്യമായ ക്ലാസ്സുകൾ യോഗ അനുബന്ധമായി സംഘടിപ്പിക്കും.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ.
- ജൈവകൃഷിയോടുള്ള ആഭിമുഖ്യം വളർത്തുവാനാവശ്യമായ പ്രവർത്തനങ്ങൾ.
- സംഘബോധം, നേതൃഗുണം, പരസ്പര വിശ്വാസം, എന്നിവ വളർത്താനാവശ്യമായ ശില്പശാലകൾ സംഘടിപ്പിക്കും.
- കുട്ടികളുടെ സർഗ്ഗശേഷിവികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ

## അവസ്ഥാ സൂചന.

വാർഷിക കലണ്ടർ., മാസകലണ്ടർ, SRG യോഗങ്ങൾ, ദിനാചരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു ശരാശരി വിദ്യാലയ പ്രവർത്തനം നടന്നുവരുന്നു. ക്ലാസ്സ് റും പഠനപ്രവർത്തനത്തിൽ മികവ് പുലർത്തുന്നു. പൊതുമേഖല ബാങ്കുകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സാന്നിദ്ധ്യവും സഹായവും കുട്ടികൾക്ക് ഗുണകരമാവുന്നു.

## മികവിന്റെ കാഴ്ചപ്പാട്

- പാഠ്യപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവവും രൂപപ്പെടൽ.
- ലോകത്ത് എവിടെയും സമാന പ്രായക്കാർ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണയും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.

## മികവിന്റെ കാഴ്ചപ്പാട്

- പാഠ്യപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവവും രൂപപ്പെടൽ.
- ലോകത്ത് എവിടെയും സമാന പ്രായക്കാർ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണയും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.

# മലയാളം

## 2024 – '25 മുതൽ 2028 – '29 വരെ

Kavitha
Moly
Aneeja

# അക്കാദമിക് മാസ്റ്റർപ്ലാൻ 2024 - '29

ജൂൺ 19ന് തുടങ്ങുന്ന വായനവാരത്തിന്റെ തുടർച്ചയായി നടത്തുന്ന ക്വിസ് മത്സരം തുടർന്നുള്ള മൂന്നുമാസക്കാലം കുട്ടികളുടെ സർഗ്ഗാത്മകശേഷി പരിപോഷിപ്പിക്കുന്നതിനായുള്ള ഒരു കൈയെഴുത്തു മാസികയുടെ പ്രവർത്തനം.

ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സർഗ്ഗാത്മക രചനകൾക്ക് അവസരം നൽകിക്കൊണ്ടുള്ള പ്രവർത്തനം (കഥ, കവിത, ചിത്രം, ഉപന്യാസം, പുസ്തകാസ്വാദനം)

കുട്ടികൾ തയ്യാറാക്കിയ രചനകൾ ശേഖരിച്ച് ക്ലാസ്തലത്തിൽ കൈയെഴുത്തുമാസികകൾ തയ്യാറാക്കൽ.

2022 നവംബർ 1ന് (മലയാളം ശ്രേഷ്ഠഭാഷാദിനത്തിൽ കയ്യെഴുത്ത് മാസികകളുടെ പ്രകാശനം.

മെച്ചപ്പെട്ടത് തിരഞ്ഞെടുക്കൽ സമ്മാനദാനം

പഠനയാത്ര

നവംബർ ആദ്യ ആഴ്ച

1) ആശാനുസ്മാരകം, രംഗപ്രഭാത്

## മലയാളം - ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അനായാസം അർത്ഥപൂർണ്ണമായി വായിക്കണം, എഴുതണം.
- എല്ലാ കുട്ടികളും പ്രായത്തിനനുസരണമായി മികച്ച രീതിയിൽ ആശയ വിനിമയം നടത്തണം.
- സാഹിത്യാഭിരുച് വളരണം.
- സർഗ്ഗാത്മക രചനക്കുള്ള അവസരം
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ്.
- ഭാഷാശേഷി വളർത്താൻ ആധുനിക വിദ്യാഭ്യാസ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ

## പ്രവർത്തനങ്ങൾ

1. പത്രവായനയും വിശകലനവും
2. ഉച്ചാരണശുദ്ധിയോടെയുള്ള വായനാ പരിശീലനം.
3. അമ്മ വായന
4. ലൈബ്രറി പുസ്തക വായന - ആഴ്ചയിൽ ഒന്ന്
5. ചില ദിനാചരണങ്ങളുടെ ഭാഗമായി ഒരു മണിക്കൂർ വായന.
6. മലയാളത്തിളക്കം, പരിശീലന പരിപാടി.
7. ജന്മദിന പുസ്തകം
8. സുവിശേഷ ദിനങ്ങൾ, ദിനാചരണങ്ങൾ
9. പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം.
10. നൂറ് കവിതകൾ, നൂറ് കവികൾ
11. കുട്ടികളുടെ നാടക സംഘം.
12. വിദഗ്ധരെ സംഘടിപ്പിച്ച് ശില്പശാലകൾ
13. സാഹിത്യകാരന്മാരുമായി അഭിമുഖം.
14. പതിപ്പ് തയ്യാറാക്കൽ
15. ഗ്രന്ഥശാല ശാക്തീകരണം
16. സഹിത്യ ക്യാമ്പുകൾ
17. നാടക കളരി.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പത്ര വായനയും വിശകലനവും | ഓരോ ക്ലാസ്സിനും ദിനപത്രം ലഭ്യമാക്കൽ കുട്ടികൾ പത്രവാർത്ത എഴുതി തയ്യാറാക്കൽ - ക്ലാസിൽ അവതരിപ്പിക്കൽ | | Teacher | |
| ലൈബ്രറി പുസ്തക വായന | എല്ലാകുട്ടികൾക്കും ഒരാഴ്ചയിൽ ഒരു പുസ്തകം ലഭ്യമാക്കൽ<br>വായനാകുറിപ്പ് തയ്യാറാക്കൽ - അവതരണം - ക്ലാസ്സിക്കൽ<br>മികച്ച വായനക്കുറിപ്പുകളുടെ പതിപ്പ് പ്രകാശനം ചെയ്യൽ | ഒരു വർഷം | Teacher | |
| ദിനാചരണങ്ങളുടെ ഭാഗമായി ഒരു മണിക്കൂർ വായന | ദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് തലത്തിൽ ഒരു മണിക്കൂർ വായനക്കുള്ള പുസ്തകം ലഭ്യമാക്കൽ | ഒരു വർഷം | മലയാളം ക്ലബ്ബ് | |

## പേര്: നാടക കളരി

### ഉപമേഖല: സർഗ്ഗശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10,000/- ഒ.എസ്.എ. |

## പേര് : പാവ നാടക പരിശീലന ശില്പശാല

### ഉപമേഖല: സർഗ്ഗാത്മക വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവ നാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവു ം ആയതിന്റെ അവതരണവും. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്.ജി. | 5,000/- |

## പേര് : സ്കൂൾ വിഷൻ

### ഉപമേഖല: സമഗ്ര വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി. വി.. കളിലേക്ക് കുട്ടികളുടെ കലാപരിപാടി കളുടെ സംപ്രേഷണം, അസംബ്ലി - പൊതുപരിപാടികളുടെ സംപ്രേഷണം. | എല്ലാ ദിവസവും ഇടവേളകളിൽ | എസ്. ആർ.ജി. | 50,000/- സി.എസ്.ആർ. ഫണ്ട് |

## പേര് : നാടക കളരി

### ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ ചെറുകഥകൾ/എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പരിപാടി | ആർട്ട് ക്ലബ് | |

## പേര്: രചനാ ശില്പശാല

**ഉപമേഖല: മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ എർപ്പെടാൻ അവസരമൊരു-ക്കൽ വായാനാ സാമഗ്രികളുടെ നിർമ്മാണം. | കഥയരങ്ങ്/കവിതായരങ്ങ് / രചനാശില്പശാല എന്നി സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പ്പന്നങ്ങൾ അന്വേഷിച്ച് പ്രസിദ്ധീകരിക്കൽ , ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഭം കലാ സാഹിത്യവേദി | 5.000 സ്പോൺ സർഷിപ്പ് |

## പേര്: ബ്ലോഗ് നിറയ്ക്കൽ യജ്ഞം.

**ഉപമേഖല: ഭാഷാശേഷി വികസനം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവശേഷി മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്.ഐ.റ്റി. സി. | |

## പേര്: സർഗ്ഗ സല്ലാപം

**ഉപമേഖല: ഭാഷാ വികസനം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ മേഖലകളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാക്കുന്ന എഴുത്തുകാരെ സ്കൂളിലേത്തി-ക്കാൻ അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. പി.ടി.എ. | 2000/- സ്പോൺസർ ഷിപ്പ് |

# മലയാളം

## പേര് : ഗ്രന്ഥശാലാ ശാക്തീകരണം

### ഉപമേഖല: ഭാഷാ ശേഷികൂറവ് വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിനിടെ വക കണ്ടെത്തൽ. പുസ്തകങ്ങൾ ക്രമീകരിക്കൽ . കാറ്റലോഗ് വിതരണം രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. പി.ടി.എ ലൈബ്രേറിയൻ | 1000 (പി.ടി.എ) |

## പേര് : കുട്ടീസ് റേഡിയോ

### ഉപമേഖല: ഭാഷയുടെ പ്രകടന പാത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കാൻ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസുകളിലേക്കും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി | 25,000/- (വ്യവസായ വകുപ്പ് സ്പോൺസർഷിപ്പ്) |

പ്രവർത്തനം I

**പേര് :** മാതൃഭാഷാ മഹത്വം. **ഉപമേഖല:** ഭാഷയിലുള്ള ന്യൂനത പരിഹരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷയിലുള്ള ന്യനത പരിഹരിക്കൽ | അക്ഷരമുറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>മലയാള കൃതികൾ നൽകുക<br>മാതൃഭാഷയിലുള്ള പത്രങ്ങൾ മാസികകൾ നൽകുക. | 2 മാസം | ഭാഷാ അദ്ധ്യാപകൻ | |

| പ്രവർത്തനം II<br>പേര് വായന കൂട്ടം. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| കുട്ടിയെ മികച്ച വായനക്കാര നാക്കുക | ക്ലാസ് വയനക്കൂട്ടം രൂപികരിക്കുക<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ ഗ്രന്ഥശാലാ സന്ദർശനം<br>വായനോത്സവം സംഘടിപ്പിക്കുക<br>പത്രവായന<br>പുസ്തക ചർച്ച<br>വായനാനുഭവം പങ്കുവയ്ക്കൽ | 6 മാസം | ഭാഷാ അദ്ധ്യാപകൻ | |

പ്രവർത്തനം III

പേര്: എഴുത്തുകൂട്ടം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക | വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ<br>കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള കൃതികൾ നൽകൽ<br>മാഗസീൻ തയാറാക്കൽ<br>കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ ശേഖരണം.<br>വ്യക്തിഗത രചന<br>സംഘരചന<br>രചയിതാക്കളുടെ പരിചയപ്പെടൽ | 6 മാസം | പ്രാദേശിക ഗ്രന്ഥശാല<br>സ്കൂൾ ലൈബ്രറി | |

പ്രവർത്തനം : IV

മേഖല : പദപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മാതൃഭാഷാ ലക്സിക്കൻ തയാറാക്കൽ | അക്ഷമാല ക്രമത്തിൽ ഓരോ അക്ഷരത്തിന്റെയും വാക്കുകൾ, അവയുടെ പര്യായം. വിപരീതം തുടങ്ങി എല്ലാ കണ്ടെത്തുക.<br>(ഓരോ അക്ഷരത്തിന്റെയും പത്ത് വാക്കുകൾ വീത് കണ്ടെത്തണം.) | 1 വർഷം | കുട്ടികളു ടെ ശ്രമം. | |

പ്രവർത്തനം : V
മേഖല : വ്യാകരണപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷയിലെ അടിസ്ഥാന വ്യാകരണത്തിൽ അറിവു നേടുക | നാമ. ക്രിയ, സന്ധി, സമാസം, കാലം, വൃത്തം, അലങ്കാരം ഇവ പരിചയപ്പെടൽ | 6 മാസം | | |

പ്രവർത്തനം : VI
മേഖല : രചനാ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം | കഥയരങ്ങ്, കവിയരങ്ങ് എന്നിവ സംഘടിപ്പിക്കൽ. ക്ലാസ് മുറികളിലെ പഠന സഹായിയായി മേല്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കുക. | 2 മാസത്തിൽ ഒരു പ്രവശ്യം | ഭാഷാ ക്ലബ്ബ് കലാ സാഹിത്യ വേദി | |

പ്രവർത്തനം : VII
മേഖല : സർഗ്ഗ സല്ലാപം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ സാഹിത്യ ശാഖയിലുള്ള അഭിരുചി രേഖപ്പെടുത്തുന്നു. | പ്രാദേശിക എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ. അവരുടെ വായന. എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കിടൽ അഭിമുഖങ്ങൾ നടത്താൻ അവരെ പ്രാപ്തരാക്കുക. സ്വന്തം അനുഭവങ്ങൾ ഡയറിക്കുറിപ്പുകളായി സൂക്ഷിക്കാൻ പ്രാപ്തരാക്കുക. | ഒരു വർഷത്തിൽ 2 പ്രാവശ്യം | PTA | |

പ്രവർത്തനം : VIII
മേഖല : നാടകക്കളരി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റുക. | പഠന വിധമായിട്ടുള്ള പാഠഭാഗങ്ങൾ കണ്ണാടി കാണ്മോളവും കേശിനിമൊഴി, ശസ്ത്രക്രിയ എന്നീ പാഠഭാഗങ്ങളെ നാടക രൂപത്തിലാക്കുക. | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ് | |

പ്രവർത്തനം IX
പേര്: കുട്ടികളുടെ ആകാശവാണി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഭാഷയുടെ പ്രകടന പരത. അവതരണ മികവ് കൈവരുക | ഒഴിവു സമയത്ത് എല്ലാ ക്ലാസുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് കുട്ടികളുടെ വിവിധ പ്രീപാടികളുടെ റേഡിയോ പ്രക്ഷേപണം | എല്ലാ ദിവസവും ഒഴിവു സമയം | | |

പ്രവർത്തനം X
പേര്: ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സമഗ്രവികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | കുട്ടികൾക്ക് | |

പ്രവർത്തനം XI
പേര്: പൊതിച്ചോറ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സാമൂഹിക സേവനം | വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന ഭക്ഷണപ്പൊതികൾ കൊണ്ടു വരികയും സമീപത്തുള്ള അനാഥാലയം ആശുപത്രി എന്നിവിടങ്ങളിൽ ഉച്ചഭക്ഷണം എത്തിക്കുക | വർഷത്തിൽ 3 പ്രാവശ്യം | വിദ്യാർത്ഥികൾക്ക് | |

പ്രവർത്തനം XII
പേര്: ബ്ലോഗ നിറയ്ക്കൽ യജ്ഞം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുക | കുട്ടികളുടെ മികച്ച രചനകൾ മലയാളം ബ്ലോഗിൽ ചേർക്കുക | പ്രതിമാസ പരിപാടി | HTTC | |

പ്രവർത്തനം XIII
പേര്: പാവനാടകാവതരണ ശില്പശാല

| | | | | |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കുക | സാമൂഹിക തിന്മകൾക്കെതിരെ അവ വിഷയമാക്കിയുള്ള പാവനാടകങ്ങൾ നിർമ്മിച്ച് അവതരിപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ PTA Excise | |

# ENGLISH

Sanishlal

Vimala

Sukala

Manju

# MVHSS THUNDATHIL

## Sub: English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Group Work Coordination writing skills | ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം | പ്രത്യേക ദിനാചരണങ്ങൾ diary, speech, letter writting, notice, poster etc | | |
| Communication skill development | ക്ലാസ്സിനുള്ളിൽ കുട്ടികൾ തമ്മിൽ ഇംഗ്ലീഷിൽ മാത്രം സംസാരിക്കുന്നു. | ആഴ്ചയിൽ എല്ലാ ദിവസവും Interval ഉൾപ്പെടെ | | |
| Improving Reading skills speaking skills | ലൈബ്രറിയിൽ നിന്നും എടുത്ത ഇംഗ്ലീഷ് പുസ്തകത്തിന്റെ റിവ്യൂ. | ആഴ്ചയിൽ ഒരു ദിവസം | | |
| Script writing presentation skills | Role play and skit in classroom based on the textbook | ആഴ്ചയിൽ ഒരിക്കൽ | | |
| Reading comprehension skills improvement | ഇംഗ്ലീഷ് Reading corner എല്ലാ ക്ലാസ്സുകളിലും, ഇംഗ്ലീഷ് comics, moral stories etc | എല്ലാ ദിവസവും | | |
| ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം. സഭാകമ്പം ഒഴിവാക്കൽ | ആഴ്ചയിൽ തിങ്കൾ ബുധൻ, വെള്ളി ദിവസങ്ങളിൽ ഇംഗ്ലീഷ് അസംബ്ലിയിൽ speech on a particular topic | ആഴ്ചയിൽ മൂന്ന് ദിവസം | | |

## ഇംഗ്ലീഷ് - ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാകുട്ടികളെയും പ്രാപ്തരാക്കൽ
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കൽ
- സ്വതന്ത്ര വായനക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കൽ
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ
- മുഴുവൻ കുട്ടികളെയും ഇംഗ്ലീസ് D.T.P ക്ക് സജ്ജരാക്കൽ.

പ്രവർത്തനം.

1. Arrange a Class Library
2. Include simple books at the first stage of their reading.
3. Strengthen English Club activities.
4. Include a bridge versions of world – classics for their first hand reading.
5. Make arrangements to show English films at least once in a month with subtitle.
6. Give opportunities to express their ideas in English
7. English drama club
8. Script writing
9. Recitation
10. Conduct assembly in English
11. English Diary
12. English fest
13. Transilation
14. English Corner
15. English Penfriends.

**കുട്ടികളുടെ രംഗവേദികൾ**

- പാഠഭാഗങ്ങൾ ദൃശ്യാവിഷ്കാരം
- നാടകീകരണം
- കവിതാലാപനം
- കഥാവിഷ്കാരം

**പതിപ്പ് തയ്യാറാക്കൽ**

- കുട്ടികൾ തയ്യാറാക്കുന്ന പതിപ്പുകൾ
- പതിപ്പുകൾ എഡിറ്റിംഗ്
- പതിപ്പുകൾ ഉപയോഗിച്ച് മാഗസീൻ

# English

| ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നിർഭയമായി ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കാൻ ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | Arrange a Class Library. Include simple books at the First stagte of their reading. | 1 month | Teacher | |
| | Strengthen English Club activities. Include a bridge versions of world classics for their first hena reading | 6 months | Teacher | |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | Make arrangements to show English Films at least once in a month. Live opportunities to express their ideas in English. | Auditorium | Teacher | |
| സ്വതന്ത്ര എഴുത്തിന് സജ്ജരാക്കൽ | English Drama club<br>script writing<br>Recitation. | 5 months | Teacher | |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ | Conduct assembly in English<br>Elgish Diary<br>English Fest | 6 months | Teacher | |
| മുഴുവൻകുട്ടികളെയും DTP ക്ക് സജ്ജരാക്കൽ | Transation<br>English Corner<br>English pen friends | 6 months | Teacher | |

## INTRODUCTION

This master plan has been prepared taking into consideration the academic duties and activities orchestrated in accordance to the changing, educational perspectives to suit the future of the institution.

Hence, maximum care has been administered to make this vision possible, to go in tune with the significance of the I.T. based technical education system in the present and future scenario. The school shall witness the utilization of available academic resources, moving shoulder to shoulder with the scaffolding talent of the teachers.

We hope that this would act as a shovel for an integrated and wholesome development of our institution.

Teachers of English
M.V.H.S.S. Thundathil.

# Academic Year 2024 - 29
## Subject : English
### Master Plan

| Sl No | Problem | Activities | Materials | Help | Duration |
|---|---|---|---|---|---|
| 1 | Spelling | Simple words are given make them write it then slowly difficult words are given and make them read and write. | Balck board Visuals Audios | A trainer's help will enable the students & teacher | 20' |
| 2 | Grammer | Sentences can be given then pass into the grammer section by encouring the students by showing A.V | Audio Visuals | Teacher | 20' |
| 3 | Pronounciation | Phonetical words are cleared with the help of a dictionary to pronounce | Phonetical Dictionary Audios how be introduced | A trained phonetical master can | 20' |
| 4 | Writing Composition | Black board Audio visuals | | | 10' |
| 5 | Bad handwriting | Copy writing make them within a dedicate manner | | | 20' |
| 6 | Quiz competition | G.K. questions are given | | Teacher | 20' |

# M.V.H.S.S. THUNDATHIL
## ENGLISH
## MASTER PLAN 2024 - 2029

| Month | Activity | AIM |
|---|---|---|
| December | Quiz Progranne | To Develop Reasoning and Mental ability |
| January | Eassy writing competition | To develop the skill of writting with certain objectives related to the Topic |
| February | Preparing posters on freedom Fighters of India | To make children aware of the Freedom fighters of the past |
| June | Tongue Twisters | To make them speak Rapidly |
| July | Diary Entry of everyday activities in school and home | To make them write without any mistake |
| August | Spelling Test | To make then aware of spelling |
| September | Reading Test | To make them how to read without any mistake |
| October | Enacting | How to Act |
| November | Poetry Writing | To find out their inner feelings |
| December | Extempore | To speak instantly |
| January | Tour programme | Speak English all the way. To get overall knowledge of life |
| February | Translation of Malayalam Children's book to English | To make them aware of Grammer and Literature. |

| No. | Activities | Duration |
|---|---|---|
| 1. | Introducing video/audio clips of inspiring speeches<br>Eg:-<br>• Martin Luther King<br>• Swami Vivekananda<br>• J. Krishnamoorthy<br>Areas of Fous<br>• Voice modulation<br>• Body language<br>• Conveyance of ideas<br>A Sample class by an expert<br>Topic: How to make inspring speeches | July<br><br>July |
| 2. | Introducing e-mails, via, internet<br>Activity : Writes an e-mail in the format as shown on the internet | July |
| 3. | Film show – Hindi Film : "Thare Zamin Par"<br>Points for discussion:<br>• Deformity of the child<br>• Innate potential<br>• Motivation given<br>• How talents are brought to light. | July |
| 4. | Interview with Stephen Hawking<br>You Tube - http: /www.youtube.com/tonight with John Oliver<br>Focus Points:<br>Discusses the purpose of interview and the nature of questions asked Prepare a set of questions.<br>Inviting a famour personality to the school. Select students interview the person | August |

| | | |
|---|---|---|
| 5. | Collocations:<br>Power point presentation (Sample collocations) | August |
| 6. | Short film presentation:<br><br>Film - "What if" based on Rudyard kipling's poem (You-tube)<br><br>Film Festival - Three short Films of moral importance intending to be presented | September |
| 8. | Showing video clips of motivational speeches like (Have a Dream......" | |
| 9. | Introducing Live TV Reports<br>Focus point: How language, style, techniques of presentation of live TV reports differ from other reports.<br>Outcome:<br>Drafting a script of a life TV report. | October |
| 10. | Introducing tourist places which give importance to strange rituals.<br>Eg:<br>• Visuals of Fiji<br>• Magazine articles on Fijian island.<br>• National Geographic Magazine | October |
| | QUIZ COMPETITION<br>TOPIC: TOURIST SPOTS GIVING IMPORTANCE TO RITUALS | |
| 11. | Slide show:<br>Disasters<br>Video Links:<br>• Bhopal Gas Tragedy – Documentary<br>• Gujarat Earth Quakes | October |
| 12. | Watching TV News Report.<br>Link: www.englishclub.com | November |
| 13. | Film show:<br>Titanic | December |

| | | |
|---|---|---|
| 14. | Short Film presentation:<br>Topic: 'The Benefits of Cyber Space'<br>Output:<br>Pupils get a sound sense of the concept of cyber space | January. |
| | Short Film Presentation:<br>\|The dangers of Cyber space" | February |

| No. | Activities | Duration of Time |
|---|---|---|
| 1. | Introducing of<br>• Persuasive speech through ICT<br>• Methods adopted for making speeches powerful and persuasive<br>• Sample presentation by teachers and students. | June |
| 2. | Public speaking<br>(Via) Video modes<br>• Present different speaking experiences<br>• Presentation | June |
| 3. | Video Presentation (Poetry)<br>• Any woman<br>Source: htpp: //wwe.poemhunter.com/any woman<br>• Making pupils recite short poems with morals. | " |
| 4. | Introducing panel Discussion<br>Aim: To develop communication and interpersonal skills<br>Sample logical presentation by teachers<br>Eg: Arranging moderators.<br>Arranging participants. | " |
| 5. | Blurb Designing<br>Introducing sample blurbs<br>Process: Gathers key ideas from the sample provided in the text \ Prepatation of a Blurb. | August |
| 6. | How to prepare an interview<br>Sample presentation<br>Eg: Video version of Sudha Murty's speech<br>'Lessons of Life'<br>https://www.youtube.com | August |
| 7. | Magazine Preparation:<br>• Designs a magazine<br>• Produces a magazine<br>The learners:<br>Collect magazines<br>Eg:<br>• Senior Magazines<br>• Adolescent Magazines<br>• Parent Magazines | August |
| 8. | Viusualization of the poem "Mending Wall" Source: www.poetryarchive.com | September |

| | | |
|---|---|---|
| 9 | Debate:<br>Visuals of Aurigo Brothers (ICT Presentation)<br>• General discussion on the merits and demerits of the performance of characters.<br>• Discussion / Participation/ Presentation. | September |
| 10. | Book Review<br>• Review of the adventures of Sherlock Holmes (ICT)<br>• Learner prepares a book review<br>• Presentation. | September |
| 11. | Compering<br>• ICT clippings of compering<br>• Presentation to the whole class<br>• Consolidation on the features of compering<br>• Compering competition<br>Eg Reception given to IAS toppers by school mates | September<br>October |
| **EXTEMPORE COMPETITION** | | |
| 12. | How to prepare job application letter and resume for interview<br>Teacher activity:<br>• Providing tips for a good job<br>Video links – Sample job interview<br>www.youtube.com<br>Role play – Learners form teams and enact a job interview | Nov. |
| 14. | Blogging:<br>Tr activity<br>• Helps learners read a variety of blogs<br>• Lrns comment on some of them.<br>• They create blog posts about the poems of their choice<br>Students' activity:<br>• Creation of of a class blog<br>• Posting of these blogs.<br>Links: www.wordpress.com, www.blogger.com | Nov.<br>Nov. |

| | | |
|---|---|---|
| 15. | <u>ICT Presentation (Video)</u><br>• Drug abuse and its consequences<br>• Preparation of slogans against drug abuse | Nov. |
| 16. | <u>Seminar:</u><br>• Power-point presentation on the tips of a good seminar<br>• Introducing current, social issues<br>• How to present a good seminar paper | December |
| 17 | <u>Drama and Choreography:</u><br>• Catching young talents as acting artists/choreographers.<br>• Introducing the elements of plot in a drama.<br>Eg. Rising Action, Exposition, Conflict, Climax, Falling Action | December |
| 17. | <u>Writing scripts for announcements</u><br><u>Points:</u><br>• Choosing the topic<br>• Considering the audience<br>• Create the script | January. |

# HINDI

Usha
Sindhu

## ഹിന്ദി - ലക്ഷ്യങ്ങൾ

- ഹിന്ദി സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഹിന്ദിയിൽ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്രവായനക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- സാങ്കേതിക സാധ്യതകൾ ഹിന്ദി പഠനത്തിൽ പ്രജോയനപ്പെടുത്തുക.

## പ്രവർത്തനം

1. ഹിന്ദി കഥാപുസ്തകവായന
2. എല്ലാ ദിവസവും നിശബ്ദമായും ഉച്ചത്തിലുള്ള വായന
3. ഉച്ചാരണ ശുദ്ധിയോടെയുള്ള വായന പരിശീലനം.
4. വായനകാർഡ് - അക്ഷരകാർഡ്
5. മാഗസീൻ തയ്യാറാക്കൽ
6. പദപ്രശ്നം തയ്യാറാക്കൽ
7. പതിപ്പ് തയ്യാറാക്കൽ
8. മഹത് വചനങ്ങൾ കണ്ടെത്തൽ

## കുട്ടികളുടെ രംഗവേദി

- പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം.
- കവിതാലാപനം
- കഥാവായന
- പഴഞ്ചൊല്ലവതരണം.

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. ✓ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. ✓<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

<u>പത്താംതരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. ✓ | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

# SCIENCE

Jyothi
Suresh
Biju.V
Kavitha S.S
Manju

## ശാസ്ത്രം - ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നു.
- പ്രവർത്തനം മെച്ചപ്പെടുത്തൽ
- ശാസ്ത്രീയ രീതി സ്വായത്തമാക്കലും പ്രയോഗിക്കലും
- ശാസ്ത്രീയവീക്ഷണം രൂപീകരിക്കുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

1. സയൻസ് ലാബ് മെച്ചപ്പെടുത്തൽ
2. സയൻസ്ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കൽ.
3. എല്ലാ ദിവസവും ഒരു പരീക്ഷണം
4. കുട്ടികൾ കണ്ടെത്തിയ പരീക്ഷണം അവതരിപ്പിക്കാനുള്ള വേദി ഒരുക്കൽ.
5. അന്വേഷണാത്മക ശാസ്ത്രപ്രോജക്ടുകൾ
6. സയൻസിൽ നൂതനാശയം പരിചയപ്പെടൽ
7. പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കൽ
8. ഔഷധ സസ്യ പ്രദർശനം
9. ശലഭ പാർക്ക്
10. മൺമറഞ്ഞ ആഹാരം
11. ഫലവൃക്ഷത്തെ നടുന്നു.
12. ശാസ്ത്രയാത്രകൻ
13. ശാസ്ത്രമേള

# ശാസ്ത്രം

## ലക്ഷ്യങ്ങൾ:

- ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള കഴിവ് വളർത്തുന്നു.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖാനിക്കുന്നു.
- ശാസ്ത്രമനോഭാവം. സൂക്ഷമത. കൃത്യത എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.
- പരിസ്ഥിതി സൗഹൃദവിദ്യാലയം എന്ന ആശയം വളർത്തിയെടുക്കുക
- ദൈനംദിന ജീവിതവുമായി ശാസ്ത്രപഠനത്തെ ബന്ധിപ്പിക്കുക.
- ശാസ്ത്രക്ലബിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക
- ശാസ്ത്രത്തിലെ നൂതന ആശയങ്ങളെ പരിചയപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- സയൻസ് ലാബ് വിപുലികരിക്കൽ ഉപകരണങ്ങൾ കൂടുതൽ ഉൾപ്പെടുത്തി ലാബ് കൂടുതൽ കാര്യക്ഷമമാക്കുന്നു.
- ദിനാചരണങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ശാസ്ത്രബോധം വളർത്തുന്നു.

  Eg: പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷത്തൈനടുന്നു. School പരിസരത്തു തന്നെ വൃക്ഷത്തൈ നടുന്നതിനും അതിന്റെ വളർച്ചാഘട്ടങ്ങൾ എഴുതുന്നതിനും പ്രവർത്തനം Assignment ആയി നൽകുന്നു.
